**പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, ഹയർസെക്കന്ററി വിഭാഗം, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം-1**

**ഹയർ സെക്കന്ററി പരീക്ഷാവിഭാഗം സെക്രട്ടറിയുടെ നടപടിക്രമങ്ങൾ**

രണ്ടാം വർഷ ഹയർ സെക്കന്ററി സേ/ഇംപ്രൂവ്മെന്റ് പരീക്ഷ 2020 - ഉത്തരക്കടലാസുകളുടെ കേന്ദ്രീകൃത മൂല്യനിർണ്ണയം - ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയം ചെയ്യുന്നത് - പുന:ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**No.EX-II/3/8700/HSE/2020** **തീയതി :08/10/2020**

പരാമർശം : 27/08/2020 - ലെ ഇതേ നമ്പർ ഉത്തരവ്

## ഉത്തരവ്

രണ്ടാം വർഷ ഹയർ സെക്കന്ററി സേ/ഇംപ്രൂവ്മെന്റ് പരീക്ഷയുടെ മൂല്യനിർണ്ണയത്തിനായി പരാമർശ പ്രകാരം ക്യാമ്പുകൾ അനുവദിക്കുകയും, ആയതിലേക്ക് ഉത്തരക്കടലാസുകൾ അയക്കുന്നതിനായി പരീക്ഷാ കേന്ദ്രങ്ങൾക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. എന്നാൽ ക്യാമ്പ് നം. 21 (പ്രോവിഡൻസ് എച്ച്.എസ്.എസ്. നടക്കാവ് കോഴിക്കോട്, 10066) ൽ ക്യാമ്പ് തുടർന്ന് പോകാൻ സാങ്കേതിക തടസ്സങ്ങൾ ഉള്ളതിനാൽ ടി ക്യാമ്പിലെ മുഴുവൻ ഇംഗ്ലീഷ് ഉത്തരക്കടലാസുകളും ഗവ. മോഡൽ എച്ച്.എസ്.എസ്. കോഴിക്കോട് (10006)ലേക്ക് ഷിഫ്റ്റ് ചെയ്യുന്നതിനായി അനുമതി നൽകിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ക്യാമ്പ് നം. 21 - ൽ നിയമിതരായിട്ടുള്ള എല്ലാ ഇംഗ്ലീഷ് അധ്യാപകരും ഗവ. മോഡൽ എച്ച്.എസ്. എസ്.കോഴിക്കോടിൽ എത്തി ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയം നടത്തേണ്ടതാണ്. ഗവ. മോഡൽ എച്ച്.എസ്.എസ്. കോഴിക്കോടിൽ (10006) നടക്കുന്ന മൂല്യനിർണ്ണയത്തിന് ക്യാമ്പ് ഉദ്യോഗസ്ഥരെ കോ-ഓർഡിനേറ്റർമാർ നിയമിക്കേണ്ടതാണ്.

ഉത്തരക്കടലാസുകൾ ഷിഫ്റ്റ് ചെയ്യുന്നതിനാവശ്യമായ തുക ക്യാമ്പുകൾക്ക് അനുവദിച്ചിരിക്കുന്ന തുകയിൽനിന്നും സർക്കാർ ചട്ടപ്രകാരം വിനിയോഗിക്കാവുന്നതാണ്.

**ഒപ്പ്/-**
**ഡോ. എസ്.എസ്. വിവേകാനന്ദൻ**
**സെക്രട്ടറി**
**ബോർഡ് ഓഫ് ഹയർ സെക്കന്ററി എക്സാമിനേഷൻസ്, കേരള**

**അംഗീകാരത്തോടെ**

**സൂപ്രണ്ട്**